LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ടൂറിസം പദ്ധതികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

100 [1786] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നടപ്പാക്കുന്ന സ്വകാര്യ ടൂറിസം പദ്ധതികൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ടൂറിസ്റ്റ് ഹോട്ടലുകളുടെ പദ്ധതികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നുണ്ട്; ഇതു സംബന്ധമായ ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) ടൂറിസ്റ്റ് ഹോട്ടലുകൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങളെ ഏതെല്ലാം നികുതികളിൽ നിന്നാണ് ഒഴിവാക്കിയിട്ടുള്ളത്; റവന്യൂ വകുപ്പ് ഈടാക്കുന്ന ഏതെങ്കിലും നികുതികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) എൻ. ആർ. ഐ. നിക്ഷേപങ്ങൾക്കായി പ്രത്യേക ആനുകൂല്യങ്ങൾ എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ്?

ഉത്തരം

(എ) വിനോദസഞ്ചാര വ്യവസായത്തെ പ്രോൽസാഹിപ്പിക്കുവാൻ താഴെ പറയുന്ന ആനുകൂല്യങ്ങൾ ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

1. 10% ഇൻവെസ്റ്റ്മെന്റ് സബ്ഡിഡി (പരമാവധി 10 ലക്ഷം രൂപ)
2. ഇലക്ട്രിസിറ്റി താരിഫിൽ ഇളവ്
3. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് 15% ഇൻവെസ്റ്റ്മെന്റ് സബ്സിഡി, പരമാവധി (അഞ്ച് ലക്ഷം രൂപ)
4. അമ്പത് കോടിയിൽ അധികം മുതൽമുടക്കുള്ള പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ

(ബി) 1. ടൂറിസ്റ്റ് ഹോട്ടലുകൾക്ക് 10% ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി പത്ത് ലക്ഷം രൂപ)

2. ഇലക്ട്രിസിറ്റി താരിഫിൽ ഇളവ്

3. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് 15% ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി അഞ്ച് ലക്ഷം രൂപ)

4. അമ്പത് കോടിയിൽ അധികം മുതൽമുടക്കുള്ള പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ

ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് †അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ടൂറിസ്റ്റ് ഹോട്ടലുകൾക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങളെ ഒരു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ഡി) വിദേശ മൂലധന നിക്ഷേപകർക്ക് പ്രത്യേകാനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി ടൂറിസം വിഷൻ 2025-ൽ വ്യവസ്ഥയുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്ന ടൂറിസ്റ്റ് വികസന പദ്ധതികൾ

101 [1787] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി തുടങ്ങുന്ന ഏതെല്ലാം ടൂറിസ്റ്റ് വികസന പദ്ധതികൾക്കാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്നത്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിനുവേണ്ടി സമർപ്പിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കേരളത്തിൽ പുതുതായി തുടങ്ങുന്ന ടൂറിസ്റ്റ് വികസന പദ്ധതികളുടേയും, ധനസഹായത്തിന് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികളുടേയും വിവരം ††അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ സാമ്പത്തിക വർഷം പദ്ധതികളൊന്നും കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly